**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 227** — **03/02/2020-ൽ മറുപടിയ്ക്ക്**

## കൊറോണ വൈറസ് ബാധ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.വി.വിജയദാസ്** | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
| **എ)** ചൈനയിൽ ഇപ്പോൾ പടർന്നു പിടിക്കുന്ന കൊറോണ വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ കേരളത്തിൽ എന്തെല്ലാം മുൻകരുതലുകളാണ് ആരോഗ്യ വകുപ്പും സർക്കാരും സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം അറിയിക്കാമോ? | **എ)** കൊറോണ വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് താഴെപ്പറയുന്ന മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളത്;<br>• വൈറസ് ബാധ ചൈനയിലും മറ്റും റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ലോകാരോഗ്യ സംഘടന, കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം, ദേശീയ പകർച്ചവ്യാധി നിയന്ത്രണ കേന്ദ്രം, കേന്ദ്ര രോഗനിരീക്ഷണ യൂണിറ്റ് തുടങ്ങിയവയിൽ നിന്നും ലഭ്യമായ നിർദ്ദേശങ്ങളും മാർഗ്ഗരേഖകളും അറിയിപ്പുകളും സംസ്ഥാന ആരോഗ്യവകുപ്പ് ബന്ധപ്പെട്ട സംസ്ഥാന തല ഉദ്യോഗസ്ഥർക്കും ജില്ലാ മെഡിക്കൽ ആഫീസുകൾക്കും അടിയന്തര നടപടികൾക്കായി ജനുവരി 18 മുതൽ അയച്ച് നൽകി വരുന്നു.<br>• ബഹു.ആരോഗ്യ വകുപ്പ് മന്ത്രി ഉന്നതതല യോഗവും മാധ്യമ യോഗവും വിളിച്ചുകൂട്ടി ആവശ്യമായ നിർദ്ദേശങ്ങൾ നൽകി.<br>• 24.01.2020 ന് സംസ്ഥാന തലത്തിൽ കൊറോണ രോഗബാധ സംബന്ധിച്ച കൺട്രോൾ റൂം സംസ്ഥാന ആരോഗ്യവകുപ്പ് ആസ്ഥാനത്ത് സജ്ജീകരിക്കുകയും ദ്രുതകർമ്മസേന യോഗം ചേർന്ന് രോഗനിരീക്ഷണം, ചികിത്സ, മുൻകരുതലുകൾ, ബോധവൽക്കരണം തുടങ്ങിയവയെപ്പറ്റിയുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കി ജില്ലകൾക്ക് നൽകി വരുന്നുണ്ട്.<br>• വിമാനത്താവളങ്ങളിലും തുറമുഖങ്ങളിലും ചൈന തുടങ്ങിയ കൊറോണ വൈറസ് ബാധിത പ്രദേശങ്ങളിൽ നിന്നും എത്തുന്ന യാത്രികരെ സൂക്ഷ്മ നിരീക്ഷണം ചെയ്യുന്നതിനും രോഗാവസ്ഥ പരിഗണിച്ച് |

→

വീട്ടുകളിൽത്തന്നെ വേർതിരിച്ച് പാർപ്പിച്ച് നിരീക്ഷിക്കുകയോ ആശുപത്രിയിൽ പ്രവേശിപ്പിച്ച് നിരീക്ഷിക്കുകയോ ചെയ്തു വരുന്നു. ഐ.ഡി.എസ്.പി സംവിധാനവും ഇതിനായി ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

- മെഡിക്കൽ കോളേജുകൾ ജില്ലാ/ജനറൽ ആശുപത്രികൾ എന്നീ സ്ഥാപനങ്ങളിൽ കുറഞ്ഞത് ഒരു ആശുപത്രിയിലെങ്കിലും രോഗം സംശയിക്കുന്നവരെ മറ്റുള്ളവരിൽ നിന്നും മാറ്റി പാർപ്പിക്കുവാൻ വേണ്ടി വെന്റിലേറ്റർ, ഐ.സി.യു സജ്ജീകരണങ്ങൾ ഏർപ്പെടുത്തി.
- കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി ചികിത്സ, വ്യക്തിഗത സുരക്ഷ, അനുബന്ധ കാര്യങ്ങൾ തുടങ്ങിയവയ്ക്കുള്ള സാധന സാമഗ്രികൾ സംഭരിച്ച് വിതരണം ചെയ്തു.
- രോഗസ്ഥിരീകരണത്തിനായി സാംപിളുകൾ വ്യോമ മാർഗ്ഗത്തിൽ പൂനെയിലെ ദേശീയ വൈറോളജി യൂണിറ്റിൽ അയച്ചു വരുന്നു.
- ആരോഗ്യപ്രവർത്തകർക്കും പൊതുജനങ്ങൾക്കും പത്ര/ദൃശ്യ/ശ്രാവ്യ/ സാമൂഹ്യ മാധ്യമങ്ങളിലൂടെ ബോധവത്കരണ സന്ദേശങ്ങൾ നൽകി.
- കേന്ദ്രത്തിൽ നിന്നുള്ള വിദഗ്ധ ടീം കൊച്ചി വിമാനത്താവളവും ആശുപത്രികളും സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തി.
- എല്ലാ ജില്ലകളിലും കൺട്രോൾ റൂം സജ്ജീകരിച്ചു.
- എല്ലാ ജില്ലകളിൽ നിന്നും രോഗനിരീക്ഷണ റിപ്പോർട്ടുകൾ ശേഖരിച്ച് ക്രോഡീകരിച്ച് വിശകലനം ചെയ്ത് വേണ്ട നടപടികൾ സ്വീകരിച്ചു.

**സെക്ഷൻ ഓഫീസർ**